## സർക്കാരിന്റെ 100 ദിനകർമ്മ പദ്ധതികളിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

249(995) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി ജലവിഭവ വകുപ്പ് വിഭാവന ചെയ്ത പുതിയ പദ്ധതികൾ ഏതെല്ലാം;

(ബി) ഓരോ പദ്ധതിയും എത്രത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞു; പദ്ധതി അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന 2 പ്രവൃത്തികൾ ജലവിഭവ വകുപ്പിന് കീഴിലുണ്ട്.

1. ചെല്ലാനം കടൽത്തീരത്തെ കടലാക്രമണം തടയാനുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തിയുടെ വിശദമായ അന്തിമ ഡി.പി.ആർ. തയ്യാറാക്കി പ്രസ്തുത പ്രവൃത്തിയുടെ പ്രഖ്യാപനം 30-8-2021-ന് നടന്നു.

2. കടലാക്രമണ സാധ്യതയുള്ള മറ്റ് പ്രദേശങ്ങളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള പഠനം പൂർത്തിയാക്കൽ നടപടി ആരംഭിക്കൽ. ടി പ്രവൃത്തിയുടെ കരട് ധാരണാപത്രം അംഗീകരിച്ച് NCCR-ന് കൈമാറിയിട്ടുണ്ട്. ആയത് ഒപ്പിട്ട് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

250(996) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി 30-8-2021-ന് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത 30-8-2021-ലെ യോഗത്തിലെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly